**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **19-06-2024 - ൽ മറുപടിയ്ക്ക്**

**പി എം - ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി എം - ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് നിർദേശം ലഭ്യമായിട്ടുണ്ടോ; | (എ) | പി.എം - ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സമഗ്ര ശിക്ഷാ കേരള പദ്ധതി പ്രകാരം സംസ്ഥാനത്തിന് നൽകാനുള്ള കുടിശിക തടഞ്ഞുവയ്ക്കുമെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള മാധ്യമ വാർത്തകൾ അല്ലാതെ പി.എം - ശ്രീ സ്കൂൾ പദ്ധതിയിൽ ഒപ്പ് വച്ചില്ലെങ്കിൽ കുടിശ്ശികയോ ഗഡുക്കളോ തടഞ്ഞുവയ്ക്കുമെന്നുള്ള യാതൊരു കത്തുകളും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടില്ല. അതേസമയം, ഈ പദ്ധതിയിൽ ഒപ്പ് വയ്ക്കണമെന്ന് നിർദ്ദേശിച്ച് സംസ്ഥാന സർക്കാരിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. |
| (സി) | സമഗ്ര ശിക്ഷാ കേരള-യ്ക്ക് കേന്ദ്രവിഹിതത്തിൽ നിലവിൽ കുടിശികയായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ആകെ 153.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക ലഭിച്ചിട്ടില്ല.<br>കേന്ദ്ര വിഹിതം - 92.01 കോടി രൂപ<br>സംസ്ഥാന വിഹിതം - 61.34 കോടി രൂപ<br>കേന്ദ്ര വിഹിതം ഈ വർഷം നാല് ഗഡുക്കളായാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ